പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2309

20.06.2012-ൽ
മറുപടിയ്ക്ക്

## സീറോ വേസ്റ്റ് ശബരിമല പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| (എ) | കഴിഞ്ഞ ബജറ്റിൽ 'സീറോ വേസ്റ്റ് ശബരിമല' എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | 2011-2012 വർഷത്തിലെ ബഡ്ജറ്റിൽ ശബരിമലയിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി സീറോ വേസ്റ്റ് മാനേജ്മെൻറ് പ്രോഗ്രാം എന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നു. |
| (ബി) | ഇതിനായി എത്ര തുകയാണ് നീക്കിവെച്ചിരുന്നത്; 2012 മാർച്ച് 31 വരെ എത്ര തുക ചെലവഴിച്ചു; | (ബി) | 5 കോടി രൂപ. 31/03/2012 -ലാണ് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; ഇതിനകം എന്തൊക്കെ പദ്ധതികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കി ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായുള്ള ഹൈപവർ കമ്മിറ്റി യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. 2011-12-ലെ തീർത്ഥാടന കാലം ആരംഭിക്കു ന്നതിന് മുൻപായി 5 ദിവസം നീണ്ടുനിന്ന ഒരു സമ്പൂർണ്ണ ശുചീകരണം സന്നിധാനത്തും പമ്പയിലും നടപ്പാക്കുകയുണ്ടായി. ശുചീകരണ പ്രവർത്തനങ്ങൾ ഒരു തുടർ പ്രക്രിയ എന്ന നിലയ്ക്ക് നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ